പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 34

04.02.2013 ൽ മറുപടിക്ക്

**ഡീസൽ വില നിയന്ത്രണം എടുത്തുകളഞ്ഞതിനുശേഷമുള്ള വിലവർദ്ധന**

**ചോദ്യം**

ശ്രീ കെ. കുഞ്ഞിരാമൻ (ഉദുമ):

**ഉത്തരം**

ശ്രീ. ഉമ്മൻ ചാണ്ടി
(ബഹു. മുഖ്യ മന്ത്രി)

(എ) കേന്ദ്ര സർക്കാർ ഡീസൽ വില നിയന്ത്രണം എടുത്ത് കളഞ്ഞതിന് ശേഷമുള്ള വിലവർദ്ധനവ് കേരളത്തിലെ ഏതൊക്കെ മേഖലകളിലെ പ്രവർത്തനങ്ങളെയാണ് ഗുരുതരമായി ബാധിക്കുന്നതെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(എ) കേരളം മുഖ്യമായും ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. ഭക്ഷ്യധാന്യങ്ങൾക്കായി മുഖ്യമായും കേരളം ആശ്രയിക്കുന്നത് അയൽ സംസ്ഥാനങ്ങളായ കർണ്ണാടക, ആന്ധ്രപ്രദേശ്, തമിഴ്നാട് എന്നിവയെയാണ്. ഡീസൽ വിലനിയന്ത്രണം എടുത്ത് കളയുന്നത് എണ്ണവില വർദ്ധനവിനും അതിലൂടെ ചരക്കു ഗതാഗതക്കൂലി വർദ്ധനവിനും കാരണമാവും. ഇത് വിലക്കയറ്റത്തിന് ഇടയാവുകയും ചെയ്യും. സബ്സിഡി നിരക്കിൽ ഇപ്പോൾ ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങളുടേയും, മണ്ണെണ്ണ, പഞ്ചസാര എന്നിവയുടെയും ലഭ്യതയെ പ്രതികൂലമായി ബാധിക്കുവാൻ സാധ്യതയുണ്ട്.

(ബി) ഇത് തരണം ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ?

(ബി) ഭക്ഷ്യധാന്യങ്ങളുടെ കേന്ദ്ര വിഹിതം കൂടുതൽ ലഭ്യമാക്കുന്നതിനും ഇത് പൊതുവിതരണ സമ്പ്രദായം വഴി ജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ